## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2967 — 22.06.2012 ൽ മറുപടിക്ക്

## സമഗ്ര കാർഷിക വിള ഇൻഷ്വറൻസ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ഡോ. എൻ. ജയരാജ്<br>ശ്രീ. എം.വി. ശ്രേയാംസ് കുമാർ<br>,, പി.സി. ജോർജ്ജ് | | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ കാർഷിക മേഖലയിൽ ഒരു സമഗ്ര കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിന് തീരുമാനം എടുത്തിരുന്നുവോ; എങ്കിൽ വ്യക്തമാക്കുമോ;<br><br>(ബി) ഇത് സംബന്ധിച്ചുള്ള പദ്ധതി രൂപരേഖ തയ്യാറാക്കിയിരുന്നോ; ഏത് ഏജൻസിക്കാണ് ഇതിന്റെ ചുമതല നൽകിയത്; | (എ) യും (ബി) യും | ഉണ്ട്. സമഗ്ര കാർഷിക ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. 17.3.2012 ലെ ജി.ഒ (എംഎസ്) നം.55/2012/കൃഷി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കേരളത്തിലെ കാർഷിക മേഖലയിൽ ഒരു സമഗ്ര കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി രൂപീകരിക്കുന്നതിനായി കേന്ദ്ര സർക്കാർ പാനലിൽ ഉൾപ്പെട്ട ഒരു ഏജൻസിയെ നിയോഗിക്കുന്നതിനും ആയതിന്മേൽ അനന്തര നടപടികൾ സ്വീകരിക്കുന്നതിനുമായി കൃഷി ഡയറക്ടറെ നിയോഗിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിക്കുകയും ആയത് പരിശോധിച്ച് വരുകയും ചെയ്യുന്നു. ഏജൻസി തീരുമാനം ആയിട്ടില്ല. |
| (സി) പ്രസ്തുത പദ്ധതിയുടെ ഭാഗമാകുവാൻ സന്നദ്ധത അറിയിച്ച ഇൻഷ്വറൻസ് കമ്പനി ഏതാണ്; | (സി) | 4 കമ്പനികൾ സന്നദ്ധത അറിയിച്ചിരുന്നു. അതിൽ മാനദണ്ഡങ്ങൾ അനുസരിച്ച് തെരഞ്ഞെടുത്ത രണ്ട് കമ്പനികളുടെ വിശദാംശങ്ങൾ പരിശോധിച്ചുവരുന്നു. |
| (ഡി) കൃഷി വകുപ്പ് നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഇതര ഇൻഷ്വറൻസ് പദ്ധതികളെ സംയോജിപ്പിച്ച് സമഗ്ര കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | കൃഷി വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, സമഗ്ര നെല്ക്കൃഷി ഇൻഷ്വറൻസ് പദ്ധതി, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി, ദേശീയ കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി എന്നിവ സംയോജിപ്പിച്ച് ഒരു കുടക്കീഴിൽ കൊണ്ടുവന്ന് ഈ പദ്ധതി നടപ്പിലാക്കുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ